"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം അയിരൂർ എ.എം.യു.പി.എസിലെ യു.പി.എസ്.ടി ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3806/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-

1. എ.എം.യു.പി.എസ്. ലെ മാനേജർ സമർപ്പിച്ച 14/10/2025-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/12/2025-ലെ എഫ്1/23732/2025/ഡിജിഇ നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/12/2025-ലെ DDETVM/5355/2025-B4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം അയിരൂർ എം.എം.യു.പി.എസിലെ യു.പി.എസ്.ടി ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 15/12/2025 തീയതിയിൽ വാദം കേട്ടു.

2. മാനേജരുടെയും ശ്രീമതി നിഷ ജി.കൃഷ്ണന്റെയും വാദം:

അയിരൂർ എ.എം.യു.പി.എസ്.ൽ 2022-23 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി നിഷ ജി.കൃഷ്ണനെ 06/10/2022 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ചു. 2022-23 വർഷം ഈ നിയമനം അംഗീകരിക്കാത്തതിനാൽ ഇതേ തസ്തികയിൽ തന്നെ 2023-24 വർഷം 01/06/2023 മുതൽ പുനർ നിയമനം നടത്തി. നിയമനാംഗീകാരത്തിന് സമർപ്പിച്ച പ്രപ്പോസലുകൾ പരിശോധിച്ച് 01/06/2023 മുതലുള്ള അധിക തസ്തികയിലെ പുനർ നിയമനം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXI ചട്ടം 7(2) പാലിച്ച് മാനേജർ 1:1 അനുപാതത്തിൽ സംരക്ഷണാദ്ധ്യാപകനെ നിയമിച്ചില്ല എന്ന കാരണത്താൽ വർക്കല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 12/09/2023 ലെ D/46934/2023 ഉത്തരവ് പ്രകാരം നിയമനാംഗീകാരം നിരസിച്ചു. ഉത്തരവിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിച്ച് ഭിന്നശേഷി ജീവനക്കാരന് വേണ്ടി മാറ്റിവച്ചിട്ടുള്ള ആദ്യ യു.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി ആരതി രാജ്, ഭിന്നശേഷി ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് തൊട്ടടുത്ത തസ്തികയിലേക്ക് മാറ്റി നിയമിക്കും എന്ന വ്യവസ്ഥയിൽ പ്രൊവിഷണലായി നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വരുന്നു. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് ലഭ്യമായ ആദ്യ ഒഴിവിലേക്ക് ടി പ്രൊവിഷണൽ നിയമനം

ക്രമപ്പെടുത്തേണ്ടതുണ്ട്. കൂടാതെ നിയമനം നിരസിക്കുന്നതിന് ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർ ചൂണ്ടികാണിച്ച് കാര്യം ഇപ്പോഴും നിലനില്ക്കുന്നു എന്നീ കാരണങ്ങളാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ ഹർജി 11/04/2025 ലെ F1/771943/2024/DGE നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു.

<u>ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി നിഷ ജി.കൃഷ്ണനെ 06/10/2022 മുതൽ യു.പി.എസ്.ടി ആയി താല്ക്കാലികമായി അംഗീകരിക്കാവുന്നതാണ്.</u>

2021-2022 വർഷം എ.എം.യു.പി.എസ്. ആയിരൂരിൽ ആകെ 3 ഡിവിഷനും പ്രഥമാദ്ധ്യാപികയുടെ ഒരു തസ്തികയും 2 യു.പി.എസ്.ടി തസ്തികകളുമാണ് നിലനിന്നിരുന്നത്. 2022-23 വർഷം മുതൽ V,VI,VII സ്റ്റാൻഡേർഡുകളിൽ 2 ഡിവിഷനുകൾ വീതം ആകെ 6 ഡിവിഷനുകളും പ്രഥമാദ്ധ്യാപികയുടെ ഒരു തസ്തികയും 5 യു.പി.എസ്.റ്റി. തസ്തികകളും കൂടാതെ 1 ഹെഡ് റ്റീച്ചർ തസ്തികയും അനുവദിച്ചു. ചുവടെ പേരു ചേർക്കുന്ന അദ്ധ്യാപകരാണ് 2022-23 വർഷം അനുവദിച്ച യു.പി.എസ്.റ്റി. തസ്തികകളിൽ നിലനിർത്തിയിരുന്നത്.

1. താഹിറാ ബീഗം (നിലവിൽ പ്രഥമാദ്ധ്യാപിക)
2. ആരതി രാജ് (നിയമനം അംഗീകരിച്ചു തുടരുന്ന അദ്ധ്യാപിക)
3. നിഷ ജി. കൃഷ്ണൻ (06/10/2022 മുതൽ നടത്തിയ നിയമനം)
4. കാവ്യ ആർ.എസ്. (10/10/2022 മുതൽ നടത്തിയ നിയമനം)
5. നിഖിൽ ജിത്ത് (01/06/2023 മുതൽ നടത്തിയ നിയമനം)

6. സുമിഷ റഹീം (26/12/2023 മുതൽ നടത്തിയ നിയമനം)

ഭിന്നശേഷി നിയമനാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ നിലവിലുള്ള ഏതു ഒഴിവിലും നിലനിർത്താവുന്നതാണെന്നു സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഭിന്നശേഷി നിയമനാർത്ഥിയെ ശ്രീമതി ആരതി രാജിന്റെ സ്ഥാനത്ത് നിലനിർത്തി ശ്രീമതി ആരതി രാജിനെ താഴോട്ടിറക്കിയാലും ശ്രീമതി നിഷ ജി. കൃഷ്ണനു താഴെ മൂന്നുപേർ തുടരുന്നു. ആയതിനാൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതിനെ തുടർന്ന് ശ്രീമതി ആരതി രാജിനെ ക്രമീകരിച്ചാലും ശ്രീമതി നിഷ ജി. കൃഷ്ണന് തുടരുവാൻ വേക്കൻസി നിലനില്ക്കുന്നു.

2. ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനത്തിൽ 1:1 പാലിക്കുവാൻ 26/12/2023 മുതൽ യു.പി.എസ്.ടി ആയി നിയമിച്ച് തുടർന്നു വന്നിരുന്ന ശ്രീമതി സുമിഷ റഹീമിനെ തൽസ്ഥാനത്തുനിന്നും മാറ്റി, ശ്രീമതി സുമിഷ റഹീം തുടർന്നിരുന്ന തസ്തിക സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുവാൻ വിട്ടു നല്കി, സംരക്ഷിതാദ്ധ്യാപകനെ പുനർവിന്യസിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പ്രപ്പോസൽ സമർപ്പിച്ചു.

3. ഈ അവസരത്തിൽ സർക്കാരിന്റെ ശ്രദ്ധ 18/07/2023 ലെ G.O.(MS)No.101/2023/GEDN നമ്പർ ഉത്തരവിലേക്ക് ക്ഷണിക്കുന്നു. ടി ഉത്തരവ് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(5) വ്യവസ്ഥക്ക് ഇളവു നല്കി ചട്ടങ്ങൾ 7(2), 7(3) (എ) എന്നിവയിലെ വ്യവസ്ഥ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർ നിയമനം നടത്താതെ നിയമാനുസൃതം അവ സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തതിനാൽ തടസപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമന തീയതി മുതൽ അംഗീകാരം നല്കേണ്ടതാണ്. 08/11/2021 ന്

ശേഷമുള്ള വേക്കൻസികളിൽ നടത്തുന്ന നിയമനങ്ങൾ താല്ക്കാലികമായി ഭിന്നശേഷി ഉദ്യോഗാർത്ഥി സർവ്വീസിൽ ജോയിൻ ചെയ്യുന്നതുവരെ ദിവസവേതനത്തിൽ അംഗീകരിക്കാവുന്നതാണ്.

മുകളിൽ ചേർത്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും പൊതു വിദ്യാഭ്യാസ ഡയറക്ടറും ഉന്നയിച്ച തടസവാദങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ ഈ റിവിഷൻ ഹർജി അനുവദിച്ച് ശ്രീമതി നിഷ ജി. കൃഷ്ണനെ 06/10/2022 മുതൽ യു.പി.എസ്.ടി. ആയി അംഗീകരിക്കുവാൻ വർക്കല ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു.

<u>3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം</u>:

അയിരൂർ എ.എം.യു.പി.എസ്. ലെ 2022-23 വർഷം അനുവദിച്ച യു.പി.എസ്.ടി. യുടെ അധിക തസ്തികയിലേക്ക് മാനേജർ ശ്രീമതി നിഷ ജി. കൃഷ്ണനെ 06.10.2022 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ചു. അധിക തസ്തികയിലെ നിയമനം KER Chapter XXI Rule 7(2) പ്രകാരം 1:1 എന്ന അനുപാതത്തിൽ സംരക്ഷിത അധ്യാപകനെ നിയമിക്കേണ്ടതുണ്ട്. ആയത് മാനേജർ പാലിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി.

ടി ഉത്തരവിനെതിരെ മാനേജർ ഈ ഓഫീസിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഭിന്നശേഷി ജീവനക്കാരന് വേണ്ടി മാറ്റിവച്ചിട്ടുള്ള ആദ്യ യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി ആരതി രാജ്, ഭിന്നശേഷി ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് തൊട്ടടുത്ത തസ്തികയിലേക്ക് മാറ്റിനിയമിക്കും എന്ന വ്യവസ്ഥയിൽ പ്രൊവിഷണൽ ആയി നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവരുന്നു എന്നും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ലഭ്യമായ ആദ്യ ഒഴിവിലേക്ക് ടി പ്രൊവിഷണൽ നിയമനം ക്രമപ്പെടുത്തേണ്ടതുണ്ട് എന്നും നിയമനം നിരസിക്കുന്നതിനുള്ള മേൽപ്പറഞ്ഞ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം ഈ ഓഫീസിൽ നിന്നും നിരസിച്ചു നൽകുകയുണ്ടായി.

യു.പി.എസ്.ടി. യുടെ 3 അധിക തസ്തികകൾ ആണ് 2022-23 വർഷം അനുവദിച്ചു നൽകിയത്. ക്രമപ്രകാരം ആദ്യത്തെ തസ്തികയും മൂന്നാമത്തെ തസ്തികയും സർക്കാരിനു വിട്ടു നൽകേണ്ടതും രണ്ടാമത്തെ തസ്തിക മാനേജർക്ക് അവകാശപ്പെട്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ 3 അധിക തസ്തികകളിലും മാനേജർ നിയമനം നടത്തി കാണുന്നു. ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനത്തിൽ 1:1 പാലിക്കുവാൻ 26/12/2023 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ച ശ്രീമതി സുമിഷ റഹീമിനെ തൽസ്ഥാനത്തുനിന്നും മാറ്റി ശ്രീമതി സുമിഷ റഹീം തുടർന്നിരുന്ന തസ്തിക സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുവാൻ വിട്ടുനല്കി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 03/10/2025 തീയതിയിൽ മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചതായി അപ്പീലിൽ കാണുന്നു. ടി വിഷയത്തിന്മേൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും ഉത്തരവാകേണ്ടതുണ്ട്. കൂടാതെ മൂന്നാമത്തെ അധിക തസ്തിക സർക്കാരിനു വിട്ടുനൽകേണ്ടതുമാണ്. ഇപ്രകാരം തസ്തിക വിട്ടുനല്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത തീയതി മുതൽ ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനം ഭിന്നശേഷി സംവരണത്തിന് വിധേയമായി

പരിഗണിക്കുവാൻ വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അയിരൂർ എ.എം.യു.പി. സ്കൂളിലെ 2022-23 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിലേക്ക് മാനേജർ ശ്രീമതി നിഷ ജി. കൃഷ്ണനെ 06/10/2022 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. ടി നിയമനം, 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെട്ടു. ടി സ്കൂളിൽ 2022-23 വർഷം അനുവദിച്ച മൂന്ന് അധിക യു.പി.എസ്.ടി തസ്തികകൾ ഉൾപ്പെടെ 5 യു.പി.എസ്.റ്റി. തസ്തികകളാണ് നിലവിലുള്ളത്. ഭിന്നശേഷി ജീവനക്കാരന് വേണ്ടി മാറ്റിവെച്ചിട്ടുള്ള ആദ്യ യു.പി.എസ്.റ്റി. തസ്തികയിൽ ഭിന്നശേഷി ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് തൊട്ടടുത്ത തസ്തികയിലേക്ക് മാറ്റിനിയമിക്കും എന്ന വ്യവസ്ഥയിൽ ശ്രീമതി ആരതി രാജ് 15/07/2021 മുതൽ പ്രൊവിഷണൽ ആയി നിയമന അംഗീകാരത്തോടെ ജോലി ചെയ്ത് വരുന്നതിനാൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ലഭ്യമായ ആദ്യ ഒഴിവിലേക്ക് ടി പ്രൊവിഷണൽ നിയമനം ക്രമപ്പെടുത്തേണ്ടതുണ്ട്. മാത്രമല്ല അധിക തസ്തികകളിൽ ഒന്നാമത്തെയും മൂന്നാമത്തെയും അധിക തസ്തിക സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിലേക്കായി സർക്കാരിലേക്ക് വിട്ടു നൽകേണ്ടതുമുണ്ട്.

5. ടി സ്കൂളിൽ 2022-23 വർഷത്തിൽ പ്രഥമാധ്യാപിക ആയ ശ്രീമതി താഹിറ ബീഗം ഉൾപ്പെടെ ആറ് അധ്യാപകരെ യു.പി.എസ്.റ്റി. തസ്തികകളിൽ നിലനിർത്തിയിരുന്നതിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ നിയമന സീനിയോറിറ്റി പ്രകാരം രണ്ടാം സ്ഥാനത്തുള്ള ശ്രീമതി ആരതി രാജ്-ന്റെ സ്ഥാനത്ത് നിലനിർത്തി ശ്രീമതി ആരതി രാജ് നെ തൊട്ട് താഴെയുള്ള സ്ഥാനത്താക്കിയാലും ശ്രീമതി നിഷ ജി. കൃഷ്ണന് നിലനിൽക്കാൻ തസ്തികകൾ ലഭ്യമാണ് എന്ന് കാണുന്നു. നിയമന തീയതി സീനിയോറിറ്റി പ്രകാരം ശ്രീമതി നിഷ ജി. കൃഷ്ണൻ മൂന്നാം സ്ഥാനത്താണുള്ളത്. ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനത്തിൽ 1:1 പാലിക്കുവാൻ ആറാമതായി 26/12/2023 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ച് തുടർന്നു വരുന്ന ശ്രീമതി സുമിഷ റഹിമിനെ തൽസ്ഥാനത്തു നിന്ന് മാറ്റി, ശ്രീമതി സുമിഷ റഹീം തുടർന്നിരുന്ന തസ്തിക സംരക്ഷിത അധ്യാപകനെ നിയമിക്കുവാൻ മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തസ്തിക ഒഴിവു വന്ന സമയത്ത് ശ്രീമതി നിഷ ജി. കൃഷ്ണന് യു.പി.എസ്.റ്റി. നിയമനത്തിന് ആവശ്യമായ യോഗ്യത ഉണ്ട്.

6. കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1), 7(2), 7(3)(a), 7(3)(b), 7(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി സർക്കാരിലേക്ക് വിട്ടു നൽകേണ്ട തസ്തികകളിൽ മാനേജർമാർ അധ്യാപക ബാങ്കിൽ നിന്നല്ലാതെ നിയമനം നടത്തുവാൻ പാടില്ലാത്തതാണ്. ചട്ടപ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാനേജർ ഒഴിവ് മാറ്റി വക്കുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും ചെയ്താൽ അപ്രകാരം നിയമനം ലഭിക്കുന്നവർക്ക് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ എന്ന് ചട്ടം 7 (5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാനേജർ നിയമനുസൃതം തസ്തിക മാറ്റി വച്ചിട്ടും, സംരക്ഷിതാധ്യാപകരെ ലഭിക്കാത്തതിനാൽ മറ്റ് റഗുലർ തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് ചട്ടം 7(5) ലെ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ നിയമനാംഗീകാരം

നൽകാൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനായി 18/07/2023 തീയതിയിലെ സ.ഉ(കൈ) നം. 101/2023/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഇളവ് നൽകിയിട്ടുമുണ്ട്. ടി ഉത്തരവ് പ്രകാരം, അധിക തസ്തിക അനുവദിച്ച് സർക്കാർ തലത്തിൽ ഉത്തരവാകുന്ന ഘട്ടത്തിൽ തന്നെ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ചട്ടം പാലിച്ച് സർക്കാരിലേക്ക് തസ്തിക വിട്ടു നൽകുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ നടത്തിയ നിയമനങ്ങൾ നിയമന തീയതി മുതൽ തന്നെ അംഗീകരിക്കാവുന്നതുമാണ്.

7. ഈ കേസിൽ, 2022-2023 വർഷത്തിൽ 01/10/2022 പ്രാബല്യത്തിൽ സർക്കാർ തലത്തിൽ അനുവദിച്ച 3 അധിക തസ്തികകളിൽ ആനുപാതികമായി 2 അധിക തസ്തികകൾ 1:1 റേഷ്യോ പാലിച്ച് സംരക്ഷിതാധ്യാപക നിയമനത്തിന് സർക്കാരിലേക്ക് വിട്ടുനൽകാതെ 3 അധിക തസ്തികകളിലും നിയമ വിരുദ്ധമായി മാനേജർ തന്നെ പുതിയ നിയമനം നടത്തുകയും, സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി അതിൽ ഒരു അധിക തസ്തിക മാത്രം, പിന്നീട്, 03/10/2025 മുതൽ, സർക്കാരിലേക്ക് വിട്ടു നൽകി കൊണ്ട് സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. ആയത് മേൽപ്പറഞ്ഞ ചട്ടത്തിനും ഉത്തരവിനും വിരുദ്ധമാണ്.

8. ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനം 2022-23 വർഷത്തെ അധിക തസ്തികയിലെ നിയമനമാണ്. പ്രസ്തുത തസ്തിക, അധിക തസ്തിക ആണോ എന്ന് തീരുമാനിക്കപ്പെടുന്നത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ചു നൽകുമ്പോൾ മാത്രമാണ്. അപ്രകാരം, അധിക തസ്തിക അനുവദിക്കുമ്പോൾ ആണ് ആ തസ്തിക മാനേജർക്ക് അവകാശപ്പെട്ടതാണോ മറിച്ചു സംരക്ഷിത അധ്യാപക നിയമനത്തിന് സർക്കാരിലേക്ക് വിട്ടു നൽകേണ്ടതാണോ എന്ന് തീരുമാനിക്കപ്പെടുന്നത്. ഇവിടെ ഉണ്ടായിട്ടുള്ള 3 അധിക തസ്തികകളിൽ 2 എണ്ണം സംരക്ഷിത അധ്യാപക നിയമനത്തിന് സർക്കാരിലേക്ക് വിട്ടു നൽകേണ്ട തസ്തികകൾ ആണ്. എന്നാൽ മാനേജർ അപ്രകാരം വിട്ടു നൽകുകയുണ്ടായിട്ടില്ല. ആയതിനാൽ, 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ അധിക തസ്തിക അനുവദിച്ച തീയതിയുടെ തലേ ദിവസം വരെ, ടി കാലയളവിലെ ടി തസ്തികയിലെ സേവനം മറ്റ് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയോടെ, ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം അനുവദനീയമാണെങ്കിലും, റഗുലർ നിയമനം നടത്താൻ മാനേജർക്ക് കഴിയില്ല.

9. സംരക്ഷിതാധ്യാപകർക്കായി ചട്ടപ്രകാരം മാറ്റി വയ്ക്കേണ്ട ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും, ഭാവിയിൽ എന്നെങ്കിലുമുണ്ടാകുന്ന ഒഴിവ് സംരക്ഷിതാധ്യാപകർക്കായി മാറ്റി വയ്ക്കുകയും ചെയ്താലും, ചട്ട വിരുദ്ധമായി മാനേജർ നടത്തിയ നിയമനത്തിന് നിയമന തീയതി മുതൽ അംഗീകാരം ലഭിക്കും എന്ന രീതി കീഴ്വഴക്കമായാൽ, അത് മേൽ പറഞ്ഞ ചട്ടങ്ങളുടെ ഉദ്ദേശത്തെ തന്നെ ചോദ്യം ചെയ്യുന്നതാവും. സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി ചട്ടം പാലിച്ച് തസ്തിക വിട്ടുനൽകുന്ന തീയതി മുതൽ മാത്രമേ, മാനേജർ ചട്ടവിരുദ്ധമായി നടത്തിയിട്ടുള്ള ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

10. മേൽ സാഹചര്യത്തിൽ അയിരൂർ എ.എം.യു.പി.എസ്. ൽ 2022-2023 വർഷം അനുവദിച്ചിട്ടുള്ള 3 അധിക തസ്തികകളിൽ ചട്ടപ്രകാരം ആനുപാതികമായി സർക്കാരിലേക്ക് വിട്ടു

നൽകേണ്ട 2 അധിക തസ്തികകളിൽ ഒരു അധിക തസ്തിക കൂടി സർക്കാരിലേക്ക് വിട്ടു നൽകിക്കൊണ്ട് മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത തീയതി മുതൽ മാത്രം ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമനം പരിഗണിച്ച് തീരുമാനം കൈക്കൊള്ളുവാൻ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. മേൽ പ്രകാരം അയിരൂർ എം.എം.യു.പി.എസിലെ യു.പി.എസ്.ടി ശ്രീമതി നിഷ ജി. കൃഷ്ണന്റെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, എ.എം.യു.പി.എസ്. അയിരൂർ, തിരുവനന്തപുരം.
ശ്രീമതി നിഷ ജി. കൃഷ്ണൻ, യു.പി.എസ്.ടി., എ.എം.യു.പി.എസ്., അയിരൂർ.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വർക്കല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/199/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 06-06-2026 09:54:25
സെക്ഷൻ ഓഫീസർ